കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചെറുവത്തൂർ ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2018-19

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്

e-mail: doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എസ്.ഡി-9/791/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
പിൻ -671123, ഫോൺ നം.04994256690
ഇ.മെയിൽ – doksd.ksad@kerala.gov.in
തീയതി.14-08-2019.

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ് , കാസറഗോഡ്.

പ്രസിഡന്റ് ,(സെക്രട്ടറി മുഖേന)

ചെറുവത്തൂർ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് 2018-19സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുവത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡിക 2(1), 2(2) എന്നിവയിലേക്ക് ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഇ-മെയിൽ മുഖാന്തിരം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.കെ.എസ്.ഡി 9/791/2019, തീയതി.14-08-2019

# കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

*****

കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2018 മുതൽ 31-03-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 09 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 05 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സതീശൻ.എൻ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19-07-2019 മുതൽ 29-07-2019വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.ഗോപാലകൃഷ്ണ നായിക് | ഓഡിറ്റ് ഓഫീസർ |
| ശ്രീ.വിനോദ് കുമാർ.സി. | ഓഡിറ്റ് ഓഫീസർ |
| ശ്രീ.തോമസ്.കെ | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ. സുനിൽ കുമാർ.എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.ബാബു.കെ.വി | ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.മാധവൻ മണിയറ | 01-04-2018മുതൽ 31-03-2019 വരെ |
| സെക്രട്ടറി | ശ്രീ.വി.പ്രഭാകരൻ | 01-04-2018മുതൽ 23-03-2019 വരെ |
| | നിർമ്മല.പി.വി | 24-03-2019മുതൽ 31-03-2019 വരെ |

നിർവഹണ ഉദ്യോഗസ്ഥർ (01-04-2018മുതൽ 31-03-2019 വരെ )

| ക്രമ.നം | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് സെക്രട്ടറി | നിർമ്മല. പി. വി. | 01.04.2018മുതൽ 31.03.2019 വരെ |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | അനസൂര്യ. എം. | 01.04.2018 മുതൽ 25.05.2018വരെ |
| | | | |

| | | | |
|---|---|---|---|
| | | സുനിൽ കുമാർ. വി. | 26.05.2018 മുതൽ 01.03.2019വരെ |
| | | അനസൂര്യ. എം. | 02.03.2019 മുതൽ 31.03.2019വരെ |
| 3 | കൃഷി ഓഫീസർ | ധന്യ. പി. വി. | 01.04.2018 മുതൽ 31.03.2019വരെ |
| 4 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | പ്രഭാവതി. പി. പി. | 01.04.2018മുതൽ 09.07.2018 വരെ |
| | | ഇന്ദു. എസ്. | 10.07.2018മുതൽ 31.03.2019 വരെ |
| 5 | വി.ഇ.ഒ. | ഷജിൻ. കെ. വി. | 01.04.2018മുതൽ 05.08.2018 വരെ |
| | | സരിത. കെ. | 06.08.2018മുതൽ 31.03.2019 വരെ |
| | വി.ഇ.ഒ. | സുരേഷ് ബാബു,.എം, | 01.04.2018മുതൽ 31.03.2019 വരെ |
| 6 | പ്രധാനാധ്യാപകൻ | പി. മാധവൻ | 01.04.2018മുതൽ 31.03.2019 വരെ |
| 7 | വെറ്റിനറി സർജ്ജൻ | ഡോ.അനുരാജ്.കെ.ആർ | 01.04.2018മുതൽ 31.03.2019 വരെ |
| 8 | മെഡിക്കൽ ഓഫീസർ അലോപ്പതി | ഡോ.സിയാദ് | 01.04.2018മുതൽ 01.03.2019 വരെ |
| | | ഡോ.പ്രവീൺകുമാർ | 02.03.2019മുതൽ 31.03.2019 വരെ |
| 9 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഡോ.പ്രിയ. കെ. | 01.04.2018മുതൽ 31.03.2019 വരെ |
| 10 | മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.ശ്രീജ | 01.04.2018മുതൽ 28.07.2018 വരെ |
| | | ഡോ.ഷോന | 29.07.2018മുതൽ 30.09.2018 വരെ |
| | | ഡോ.മുദീബ് റഹ്മാൻ | 01.10.2018 മുതൽ 31.03.2019വരെ |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | വേണുഗോപാലൻ. പി. | 01.04.2018മുതൽ 31.03.2019 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | I ഭാഗം<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം | |
| 1 | ബജറ്റ് അംഗീകരിച്ചതിന്റെ വിവരം | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം ( റസീപ്റ്റ് & പേയ്മെന്റ് പ്രകാരം ) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-8 |
| 9 | ക്ഷേമ പദ്ധതികൾ | 1-9 |
| 10 | ക്യാഷ് പരിശോധന | 1-10 |
| 11 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-11 |
| 12 | ആഭ്യന്തര നിയന്ത്രണം | 1-12 |
| 13 | ഓഡിറ്റ് ഇംപാക്റ്റ് | 1-13 |
| | ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | |

| | | |
|---|---|---|
| 14 | കെട്ടിട നിർമ്മാണം ക്രമവത്കരണം- അനുവദനീയമായ അനുപാതത്തിലും അധികം വരുന്ന കെട്ടിട വിസ്തീർണ്ണത്തിന് ചട്ട പ്രകാരമുള്ള അധിക ഫീസ് ഈടാക്കിയിട്ടില്ല. | 2-1 |
| 15 | നികുതിയുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധന- വസ്തു നികുതി നിർണ്ണയത്തിൽ അപാകത. | 2-2 |
| 16 | ഡി&ഒ ലൈസൻസ് ഫീസ്-റേഷൻ റീട്ടെയിൽ ഡിപ്പോകളിൽ നിന്ന് ഈടാക്കിയിട്ടില്ല. | 2-3 |
| 17 | ഇ-ടെണ്ടർ - ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ചില്ല | 2-4 |
| | ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | |
| 18 | ബഡ്സ് സ്കൂൾ നിർമ്മാണം- പദ്ധതി നിർവ്വഹണത്തിൽ കാലതാമസം | 3-1 |
| 19 | പാർക്കിംഗ് ഗ്രൗണ്ടിൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്നില്ല. | 3-2 |
| 20 | റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയില്ല. | 3-3 |
| 21 | വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം -ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല. | 3-4 |
| 22 | ഗെയിംസ് ഫെസ്റ്റിവൽ -ചെലവ് രേഖകൾ അപൂർണ്ണം | 3-5 |
| 23 | നെൽകൃഷി /പച്ചക്കറികൃഷി ആനുകൂല്യ വിതരണം -സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. | 3-6 |
| 24 | പദ്ധതി മോണിറ്ററിങ്ങ് - ശക്തിപ്പെടുത്തേണ്ടതാണ്. | 3-7 |
| 25 | വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 3-8 |
| 26 | മത്സ്യബന്ധന മേഖല- പദ്ധതികളൊന്നും നടപ്പാക്കിയട്ടില്ല. | 3-9 |
| | ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | |
| 27 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 28 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 30 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 31 | സ്ഥിര നിക്ഷേപങ്ങളുടെ വിവരം | 4-5 |
| 32 | ഓഡിറ്റ് റിക്കവറി | 4-6 |
| 33 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-7 |
| 34 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 36 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |


<u>അനുബന്ധപത്രികകൾ</u>

1) ഓഡിറ്റ് സർട്ടിഫിക്കറ്റ്

2) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3) റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,

4) ബാലൻസ് ഷീറ്റ് .

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 28/03/2018ലെ 1/(1) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു. ബജറ്റ് വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിത വരവ് |
|---|---|
| മുന്നിരിപ്പ് | 43,65,891 |
| വരവ് | 15,55,08,500 |
| ആകെ | 15,98,74,391 |
| ചെലവ് | 15,80,28,300 |
| നീക്കിയിരിപ്പ് | 18,46,091 |

2018-19 വർഷത്തെ പുതുക്കിയ ബജറ്റ് 28/01/2019 ലെ 3/(1) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു. ബജറ്റ് വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിത വരവ് |
|---|---|
| മുന്നിരിപ്പ് | 61,41,391 |
| വരവ് | 19,31,58,052 |
| ആകെ | 19,92,99,443 |
| ചെലവ് | 18,94,88,586 |
| നീക്കിയിരിപ്പ് | 98,10,857 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ചതീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 15-05-2019 | ഇല്ല | ഇല്ല |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾപരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി |
|---|---|---|
| 2018-19 | 26-06-2019 മുതൽ 27-06-2019 വരെ | കെ.എസ്.എ-കെ.എസ്.ഡി- 3/428/2019, 27.7.2019 |

<u>ചെറുവത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ</u>

1)2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധന സാക്ഷ്യപത്രത്തിൽ പരാമർശിച്ചിട്ടുള്ള അപാകതകളിൽ ആസ്തി രജിസ്റ്റർ സംബന്ധിച്ചുള്ള അപാകതകൾ ഒഴികെയുള്ളവ പരിഹരിച്ചിട്ടുണ്ട്.

2)അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് രീതിയിലേക്ക് മാറുന്നതിന് മുമ്പുള്ള എല്ലാ ആസ്തി ബാധ്യതകളുടേയും മൂല്യം തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. തൻ വർഷം ആർജ്ജിച്ച ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടുമില്ല. വാർഷിക കണക്കുകളുമായി താരതമ്യം ചെയ്യാവുന്ന വിധത്തിൽ ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി ആസ്തി റജിസ്റ്റർ പരിപാലിച്ചിട്ടില്ല. ബാലൻസ്ഷീറ്റ് (B-11 Schedule) പ്രകാരമുള്ള ആസ്തികളുടെ രേഖപ്പെടുത്തൽ പരിശോധിക്കാനായിട്ടില്ല.

3)ബാലൻസ് ഷീറ്റ് B- 11(a)ഷെഡ്യൂൾ പ്രകാരം ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് തുക 19,55,489/- രൂപയാണ്. ഈ തുകയുടെ ആധികാരികത പരിശോധിക്കാനായി രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4)ലൈഫ് ഭവന പദ്ധതി വായ്പാ തുകയുടെ വിവരം ബാലൻസ് ഷീറ്റിൽ 1,21,20,000 രൂപ (shedule: B-5 Secured Loans (code-no 330) ബാധ്യതയിൽ കാണിച്ചിട്ടുണ്ടെങ്കിലും അസറ്റ് സൈഡിൽ ഉൾപ്പെടുത്തിക്കാണുന്നില്ല. 30.01.2019 ന് ചേർന്ന സംസ്ഥാന തല സാംഖ്യാ സപ്പോർട്ടിങ്ങ് സെല്ലിന്റെ തീരുമാനപ്രകാരമാണ് ഇത്തരത്തിൽ ഭേദഗതി വരുത്തിയത്. മേൽ തീരുമാനം അംഗീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ലഭ്യമായിട്ടില്ല.

5)പദ്ധതി വിഹിതം ചെലവുകൾ പൂർണ്ണമായും റവന്യൂചെലവുകളായിട്ടാണ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 30.01.2019 ന് ചേർന്ന സംസ്ഥാന തല സാംഖ്യാ സപ്പോർട്ടിങ്ങ് സെല്ലിന്റെ തീരുമാനപ്രകാരമാണ് മുൻ വർഷത്തേതിന് വിഭിന്നമായി ക്യാപിറ്റൽ കോൺട്രിബ്യൂഷനും റവന്യൂ കോൺട്രിബ്യൂഷനുമായി പദ്ധതിചെലവ് വിഭജിക്കാതെ മൊത്തം ചെലവും റവന്യൂചെലവിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മേൽ തീരുമാനം അംഗീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ലഭ്യമായിട്ടില്ല.

6)350200115- എന്ന ഹെഡിലെ 14000/-രൂപ, ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും റിക്കവറി ചെയ്ത് മറ്റ് പഞ്ചായത്തുകളിൽ ഒടുക്കേണ്ട തുകയാണ്. എന്നാൽ 2018-19 വർഷത്തിലും ഈ തുക നിലനിർത്തിക്കാണുന്നു (Schedule:B-9). റിക്കവറി വിശദാംശം ചുവടെ ചേർക്കുന്നു.(എ) ഉഷ.എം,അക്കൌണ്ടന്റ്-2000/-രൂപ, 09/2012 ൽ റിക്കവറി ചെയ്തത്(ബി) ഹരിദാസൻ.പി.എസ്,അക്കൌണ്ടൻറ് - 4,000/-രൂപ 12/2012, 01/2013 ൽ റിക്കവറി ചെയ്തത്,(സി) മണികണ്ഠൻ.എം,ക്ലാർക്ക്- 8000/-രൂപ 10/2012 മുതൽ 01/2013 വരെ റിക്കവറി ചെയ്തത്.

## 1-4 സാമ്പത്തിക നില

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2018-19 |
|---|---|
| മുന്നിരിപ്പ് | 1,32,27,533 |
| വരവ് | 13,62,89,821 |
| ആകെ | 14,95,17,354 |
| ചെലവ് | 11,96,98,467 |
| നീക്കിയിരിപ്പ് | 2,98,18,887 |

## 1-5 ഫണ്ട് വിനിയോഗം

ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,57,45,457 | 1,57,45,457 | 1,48,35,851 | 9,09,606 | 94.22 |
| വികസനഫണ്ട് | 0 | 33,12,000 | 33,12,000 | 2930,378 | 3,81,622 | 88.348 |

| | | | | | | |
|---|---|---|---|---|---|---|
| എസ്.സി.പി. | | | | | | |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 82,64,000 | 82,64,000 | 75,51,634 | 7,12,366 | 91.37 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 35,82,000 | 35,82,000 | 29,14,018 | 6,67,982 | 81.35 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 73,27,000 | 73,27,000 | 73,27,000 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് (KLGSDP) | 0 | 0 | 0 | 0 | 0 | |
| | ആകെ | 3,82,30,457 | 3,82,30,457 | 3,55,58,881 | 26,71,576 | 93.01 |

** നീക്കിയിരിപ്പ് തുകകൾ സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെട്ടവയാണ് . വികസന ഫണ്ട് ജനറൽ - സ്രോതസ്സിൽ നിന്നും 43543 രൂപ സർക്കാർ ഈടാക്കിയിട്ടുണ്ട്.

ഫണ്ട് വിനിയോഗം രസീപ്റ്റ്& പേയ്മെന്റ് പത്രിക പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 1,48,35,851 | 1,48,35,851 | 1,48,35,851 | 0 |
| വികസന ഫണ്ട് -എസ്.സി.പി | 0 | 29,30,878 | 29,30,878 | 29,30,878 | 0 |
| വികസന ഫണ്ട് -ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, ഗ്രാന്റ് റോഡ് | 0 | 7,551,634 | 75,51,634 | 75,51,634 | 0 |
| മെയിന്റനൻസ്,ഗ്രാന്റ് നോൺ-റോഡ് | 0 | 29,14,018 | 29,14,018 | 29,14,018 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 73,27,000 | 73,27,000 | 73,27,000 | 0 |
| കെ.എൽ.എസ്.ജി.ഡി.പി. (ലോക ബാങ്ക് ) | 0 | 0 | 0 | 0 | 0 |
| | | | | | |
| ബി ഫണ്ട് (R&P പ്രകാരം) തൊഴിൽ രഹിത വേതനം | 0 | 2,03,760 | 2,03,760 | 2,03,760 | 0 |
| വിവാഹ ധനസഹായം | 0 | 1,20,000 | 1,20,000 | 1,20,000 | 0 |
| നെൽകൃഷി ഉൽപാദന ബോണസ് | 0 | 68,000 | 68,000 | 68,000 | 0 |
| MGNREGA 100തൊഴിൽ ദിനം ഇൻസെൻറീവ് | 0 | 5000 | 5000 | 500 | 0 |
| ട്രഷറി തനത് ഫണ്ട്.& ജനറൽ പർപ്പസ് ഫണ്ട് | -1,18,482 | 1,52,06,493 | 1,50,88,011 | 1,07,32,508 | 43,55,503 |
| ട്രഷറി സംയുക്ത പദ്ധതി | 19,044 | 57,33,120 | 57,52,164 | 57,20,472 | 31,692 |
| തൊഴിലുറപ്പ് പദ്ധതി (SBI ) Admin | 10,857 | 4,92,746 | 5,03,603 | 4,88,727 | 14,876 |

| | | | | | |
|---|---|---|---|---|---|
| എസ്.എസ്.എ | 3,32,620 | 15,245 | 3,47,865 | 0 | 3,47,865 |
| തനത് ഫണ്ട് -യൂണിയൻ ബാങ്ക് | 1,15,96,613 | 1,91,53,072 | 3,07,49,685 | 1,60,20,517 | 1,47,29,168 |
| തനത്ഫണ്ട് -മണൽ SBI | 11,63,511 | 6,13,16,925 | 6,28,24,168 | 5,24,38,763 | 1,00,41,673 |
| തനത് ഫണ്ട് -സഹകരണ ബാങ്ക് | 1,74,230 | 7,986 | 1,82,216 | 0 | 1,82,216 |
| തനത് ഫണ്ട്- ഇ പേയ്മന്റ് SBI | 8,761 | 23,236 | 31,997 | 1,239 | 30,758 |
| പെൻഷൻ-കെ.ജി.ബി | 1,146 | 47 | 1,193 | 0 | 1,193 |
| ദുരിതാശ്വാസ നിധി | 17,151 | 27,942 | 45,093 | 30,500 | 14,593 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 152 | 119 | 1 | 32 | 78.3 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2018-19 വർഷ ത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2018-19 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 16 | 55,79,926 | 14 | 51,96,672 | 93 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 7 | 14,82,099 | 7 | 14,72,640 | 99.36 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 88 | 3,70,43,015 | 59 | 1,74,93,838 | 47.23 |
| 4 | കൃഷി ഓഫീസർ | 5 | 30,31,590 | 5 | 29,56,824 | 97.53 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ/ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 5 | 3,07,31,255 | 5 | 1,93,,29,601 | 62.90 |
| | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 2,96,547 | 1 | 1,53,735 | 51.84 |
| 6 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 8 | 59,40,652 | 8 | 57,13,250 | 96.17 |
| 7 | വെറ്റനറി സർജ്ജൻ | 3 | 23,11,500 | 3 | 14,65,073 | 63.38 |
| 8 | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 1 | 4,77,020 | 1 | 4,77,020 | 100 |
| 9 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി. | 6 | 15,16,277 | 5 | 12,54,032 | 82.70 |
| 10 | മെഡിക്കൽ ഓഫീസർ - ഹോമിയോ | 2 | 3,50,000 | 2 | 3,47,600 | 99.31 |
| 11 | പ്രധാനാധ്യാപകൻ | 9 | 20,71,780 | 9 | 15,32,300 | 73.96 |
| 12 | ഡയറി ഫാം ഇൻസ്പക്ടർ | 1 | 15,00,000 | 1 | 15,00,000 | 100 |
| 13 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 0 | 0 | 0 | 0 | 0 |
| | ആകെ | 152 | 9,23,31,661 | 120 | 5,88,92,585 | 63.78 |

..

## 1-7 തനത് വരുമാനം

മുൻ വർഷത്തെ അപേക്ഷിച്ച് തൻവർഷം തനത് നികുതി നികുതിയേതര വരുമാനയിനങ്ങളുടെ വരവിൽ 23.50% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 63,95,884 | 71,80,336 | +7,84,452 | +12.26 |
| നികുതിയേതര വരവുകൾ | 97,51,046 | 1,25,30,807 | +27,79,761 | +28.5 |
| മറ്റുള്ളവ | 3,19,713 | 6,26,275 | +3,06,562 | +95.88 |
| ആകെ | 1,64,66,643 | 2,03,37,418 | 38,70,775 | +23.50 |

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 10,857 | 4,92,746 | 5,03,603 | 4,88,727 | 14,876 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 1,81,60,045 | 1,81,60,045 | 1,81,60,045 | 0 |
| ആകെ | 10,857 | 1,86,52,791 | 1,86,63,648 | 1,86,48,772 | 14,876 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2018-19 വർഷം 978 പദ്ധതികളുൾപ്പെടുന്ന ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. എന്നാൽ തൻ വർഷം 172 പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്. തൻ വർഷം വിവിധ പ്രവൃത്തികളിലായി ആകെ 128183 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ദിനം ലഭിച്ച 274 കുടുബങ്ങളുണ്ട്.

## 1-9 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ |
|---|---|---|

| | | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2,03,760 | 294 |
| കർഷകതൊഴിലാളി പെൻഷൻ | 57,76,300 | 434 |
| വിധവാപെൻഷൻ | 1,61,45,200 | 1267 |
| വാർദ്ധക്യകാലപെൻഷൻ | 2,11,71,900 | 1626 |
| വികലാംഗപെൻഷൻ | 41,60,200 | 319 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 7,87,600 | 65 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 1,20,000 | 4 |

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.07.2019 തീയതിയിൽ 11.45 am-ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാനിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 1,860/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.02.2019 | 2018 ഒക്ടോബർ മുതൽ 2019 ജനവരി വരെ | 14.02.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.09.2018 - 19.09.2018 | 2013-14 മുതൽ 2017-18 വരെ | 05.11.2018 |

## 1-12 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം. | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി. | 1 |
| 3 | ജൂനിയർ സൂപ്രണ്ട് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| | | |

| | | |
|---|---|---|
| 5 | സീനിയർ ക്ലാർക്ക് | 3 |
| 6 | ക്ലാർക്ക് | 4 |
| 7 | ഓഫീസ് അറ്റൻഡന്റ് | 2 |
| 8 | ഫുൾടൈം സ്വീപ്പർ | 1 |
| 9 | പാർട്ട് ടൈം സ്വീപ്പർ | 2 |

2018-2019 സാമ്പത്തിക വർഷം ജീവനക്കാരുടെ തസ്തികയൊന്നും ഒഴിഞ്ഞുകിടന്നിരുന്നില്ല.

01.07.2019 ലെ ഉത്തരവ് നം ജെ.എസ്-5/17 പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. ഓഫീസ് ഉത്തരവിൽ പിന്നീട് പുതിയ ചുമതലകൾ വരുന്നതിന്റെയടിസ്ഥാനത്തിൽ നിരവധി ഉപ ഉത്തരവുകൾ പ്രകാരം കൂട്ടിചേർക്കലുകളുണ്ടായിട്ടുണ്ട്.

ഓഡിറ്റ് വർഷത്തിൽ ഗ്രാമ പഞ്ചായത്തിന് ജില്ലയിലെ മികച്ച പഞ്ചായത്തിനുള്ള സ്വരാജ് പുരസ്കാരവും ആരോഗ്യകേരളം പുരസ്കാരവും ലഭിച്ചിട്ടുണ്ട്.

ജീവനക്കാരുടെ സേവന പുസ്തകം കൃത്യമായി പരിപാലിക്കുന്നുണ്ട്. ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ബാങ്ക് അക്കൌണ്ട് മുഖേനയാണ് വിതരണം നടത്തുന്നത്. ഗ്രാമ പഞ്ചായത്ത് ഓഫീസിലെ അക്കൗണ്ടന്റ് ശ്രീ. ഷാജി.പി.വി യുടെ ശമ്പളം ജി.ഒ. (പി.) നം. 7/2016/Fin തീയതി 20.01.2016 പ്രകാരം പരിഷ്കരിച്ചത് അംഗീകാരം വാങ്ങിയിട്ടില്ല. മറ്റ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും സമയാസമയങ്ങളിൽ അംഗീകാരം വാങ്ങിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (staff meeting) 2017-2018 സാമ്പത്തിക വർഷം 10 തവണ ചേർന്നിട്ടുണ്ട്. ജീവനക്കാരുടെ യോഗം മാസത്തിൽ ഒരുതവണയെങ്കിലും ചേരേണ്ടതും ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്.

ജീവനക്കാരുടെ ഹാജർ കൃത്യമായി രേഖപ്പെടുത്തുന്നുണ്ട്. ജീവനക്കാരുടെ പെൻഷൻ കോണ്ട്രിബ്യൂഷനും മറ്റ് ശമ്പള റിക്കവറികളും കൃത്യമായി ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ഒടുക്കുന്നുണ്ട്.

ബഡ്ജറ്റ് പാസ്സാക്കിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചിലവ് കണക്കുകള് കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൌണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൌണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. അക്കൌണ്ട്സുകളും അക്കൌണ്ട് പോളിസികളും പാലിക്കുന്നുണ്ട്. മാസാന്ത്യ/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. അക്കൌണ്ടിന്റെ ബാക്ക്അപ്പ് കൃത്യമായി എടുത്ത് സൂക്ഷിക്കുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപെട്ടിട്ടുണ്ട്. ദിവസേനയുള്ള വരവുകൾ ബാങ്കിൽ കൃത്യമായി ഒടുക്കുന്നുണ്ട്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

ചെക്ക് ഇഷ്യൂ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ബാങ്ക്/ട്രഷറി അക്കൌണ്ടുകളുടെ പൊരുത്തപ്പെടുത്തൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. നികുതി നിർണ്ണയം നടത്തുന്നത് സഞ്ചയ സോഫ്റ്റ്വെയർ മുഖേനയാണ്. സ്ഥാപനം നികുതി പരിവ് കാര്യക്ഷമമായി നടത്തുന്നുണ്ട്. തൻ വർഷം 100 % നികുതി പിരിവ് കൈവരിച്ചിട്ടുണ്ട്.

സാധന സാസാമഗ്രികൾ സമാഹരിക്കുന്നതിനുള്ള ചട്ടങ്ങളും സ്റ്റോർ പർച്ചേസ് ചട്ടങ്ങളും സ്ഥാപനം അനുസരിക്കുന്നുണ്ട്. ടെണ്ടർ നടപടി ക്രമങ്ങൾ സ്ഥാപനം കൃത്യമായി പാലിക്കുന്നുണ്ട്. സാധന സാമഗ്രികളുടെ സമാഹരണവുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

ആസ്തികൾ കൃത്യമായി മൂല്യ നിർണ്ണയം ചെയ്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന കാടങ്കോട്-കോട്ടക്കൽ അങ്കണവാടി (സെന്റർ നം-57), പുതിയകണ്ടം അങ്കണവാടി (സെന്റർ നം-45) എന്നിവ വാടക കെട്ടിടത്തിലാണ് പ്രവൃത്തിക്കുന്നത്. ഈ അങ്കണവാടികൾക്ക് സ്ഥിരം കെട്ടിട സംവിധാനം ഒരുക്കണം.

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 31 തവണ യോഗം ചേർന്നിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൃത്യമായി യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിച്ചിട്ടുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ നിർവ്വഹണോദ്യോഗസ്ഥൻമാർ പങ്കെടുക്കുന്നുണ്ട്.

### 1-13 ഓഡിറ്റ് ഇംപാക്ട്- 1,58,129 രൂപ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് അടവാക്കി.

2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് സമയത്ത്, കെട്ടിട നിർമ്മാണം ക്രമവത്കരണം നല്കിയപ്പോൾ അനുവദനീയമായ അനുപാതത്തിലും അധികം വരുന്ന കെട്ടിട വിസ്തീർണ്ണത്തിന് ചട്ട പ്രകാരമുള്ള അധിക ഫീസ് ഈടാക്കിയതായിട്ടില്ലെന്ന ഓഡിറ്റ് എൻക്വയറിയെ (ഓഡിറ്റ് എൻക്വയറിനം-2/20.07.2019) തുടർന്ന് 1,44,825/- രൂപ രസീത് നം-119220500010/24.07.2019 പ്രകാരം ഈടാക്കിയിട്ടുണ്ട്. കൂടാതെ വസ്തുനികുതി ഈടാക്കിയതിൽ കുറവ് വന്നിരിക്കുന്നതായി ഓഡിറ്റ് എൻക്വയറി മുഖേന (ഓഡിറ്റ് എൻക്വയറിനം-3/24.07.2019) ചൂണ്ടിക്കാട്ടിയതിന്റെ അടിസ്ഥാനത്തിൽ 13,304/- രൂപ രസീത് നം-119220101643/26.07.2019 പ്രകാരം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 കെട്ടിട നിർമ്മാണം ക്രമവത്കരണം- അനുവദനീയമായ അനുപാതത്തിലും അധികം വരുന്ന കെട്ടിട വിസ്തീർണ്ണത്തിന് ചട്ട പ്രകാരമുള്ള അധിക ഫീസ് ഈടാക്കിയിട്ടില്ല.

കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററുകളും അനുബന്ധ രേഖകളും പരിശോധിച്ചപ്പോൾ ഈ കാലയളവിൽ കെട്ടിട നിർമ്മാണം ക്രമവത്കരണം (റഗുലറൈസേഷൻ) അനുവദിക്കുമ്പോൾ ചട്ട പ്രകാരമുള്ള അധിക ഫീസ് ഈടാക്കിയതായി കാണുന്നില്ല. 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 35(2) ടേബിൾ 2 (Table 2 substituted by SRO No. 675/2017, w.e.f 31.10.2017) അനുസരിച്ച് ലോഡ്ജിംഗ് ആവശ്യങ്ങൾക്ക് (ലോഡ്ജിംഗ് ഹൗസുകൾ) ഉപയാഗിക്കുന്ന കെട്ടിടങ്ങളുടെ കൈവശാവകാശ ഗണം 'A2' ആണ്. ഈ ഗണത്തിൽപ്പെടുന്ന കെട്ടിടങ്ങൾക്ക് അധിക ഫീസ് ഇല്ലാതെ അനുവദിക്കാവുന്ന തറ വിസ്തീർണ്ണാനുപാതം '1.5' ആണ്. അധികം വരുന്ന ഓരോ ചതുരശ്ര മീറ്ററിനും 5000 രൂപ നിരക്കിൽ അധിക ഫീസ് വാങ്ങി പരമാവധി '2.25' വരെ തറ വിസ്തീർണ്ണാനുപാതം അനുവദിക്കാവുന്നതാണ്. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 35(2)(iii) പ്രകാരം ഒന്നിൽ കൂടുതൽ കൈവശ ഗണത്തിൽ ഉൾപ്പെടുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ പരമാവധി അനുവദനീയമായ തറ വിസ്തീർണ്ണാനുപാതവും പരിധിയും പുരയിടത്തിന് 0.5 ഹെക്ടറിൽ കൂടുതൽ വിസ്തീർണ്ണവുമുണ്ടെങ്കിൽ പട്ടിക 2 (കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ)-ലെ യഥാക്രമമുള്ള കൈവശാവകാശ ഗണങ്ങളുടെ കീഴിലുള്ള തറ വിസ്തീർണ്ണാനുപാതത്തിൻറയും പരിധിയുടെയും ശരാശരി മൂല്യമായിരിക്കേണ്ടതാണ്. എന്നാൽ പുരയിട വിസ്തീർണ്ണം 0.5 ഹെക്ടർ വരെയാണെങ്കിൽ തറ വിസ്തീർണ്ണാനുപാതവും പരിധിയും ഏറ്റവും നിയന്ത്രിത കൈവശാവകാശ ഗണത്തിന്റെ ആയിരിക്കണം. എന്നാൽ ഓഡിറ്റ് വർഷം പഞ്ചായത്ത് അതിർത്തിക്കുള്ളിൽ നിർമ്മിച്ച താഴെ വിവരിക്കുന്ന കെട്ടിടത്തിന് നിർമ്മാണ റഗുലറൈസേഷൻ അനുവദിക്കുമ്പോൾ കാറ്റഗറി ഗണം മാറ്റി അധിക ഫീസ് ഇല്ലാതെ അനുവദിക്കാവുന്ന തറ വിസ്തീർണ്ണാനുപാതത്തിലും ഉപരിയായി തറ വിസ്തീർണ്ണാനുപാതം അനുവദിച്ച് കൊണ്ട് നിർമ്മാണം ക്രമവത്കരിച്ചതായി കാണുന്നു. എന്നാൽ, അനുവദനീയമായ അനുപാതത്തിലും അധികം വരുന്ന തറ വിസ്തീർണ്ണാനുപാതം അനുവദിക്കുന്നതിന് ചട്ടങ്ങളിലെ പട്ടിക 2 കോളം 6 -ലെ അധിക ഫീസ് ഇടാക്കിയതായി കാണുന്നില്ല. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ഉടമസ്ഥന്റെ പേര് | അബ്ദുൾ റഹ്മാൻ & 2 others |
| സർവ്വെ നം | 422/PT, 423/2, 421/2A1,424/3A2-ലെ 30.30സെന്റ് |
| വില്ലേജ് | ചെറുവത്തൂർ |
| ഫയൽ നം. | SC3-2480/2018. |
| ക്രമവത്കരണം തീയ്യതി | 11.02.2019 ( ഫീസ് അടവാക്കിയ തീയ്യതി) |
| കെട്ടിടത്തിന്റെ അളവ് | 2186.78 m2 (പ്ലിന്ത് ഏരിയ) |

കെട്ടിടത്തിൻറ അളവ് -

| കെട്ടിടത്തിന്റെ നിലകൾ | പ്ലിന്ത് ഏരിയ | ഫ്ലോർ ഏരിയ |
|---|---|---|

| | | |
|---|---|---|
| BF | 462.38m2 | 462.38m2 |
| GF | 747.04m2 | 696.91m2 |
| FF | 747.04m2 | 696.91m2 |
| Stair 1 | 16.10m2 | 16.10m2 |
| parking | 184.36m2 | -- |
| Stair 2 | 29.86m2 | 29.86m2 |
| Total | 2186.78 m2 | 1902.16m2 |

കെട്ടിടത്തിന്റെ തരം- ലോഡ്ജിംഗ് കെട്ടിടം A2

കെട്ടിടത്തിൻറ തറ വിസ്തീർണ്ണാനുപാതം = 1902.16/1,226.24= 1.55

അനുവദനീയമായ തറ വിസ്തീർണ്ണാനുപാതം = 1.5 x 1,226.24= 1839.36 m2

ഓരോ ചതുരശ്ര മീറ്ററിനും 5,000 രൂപ അധിക ഫീസ് ഇടാക്കി അനുവദിക്കാവുന്ന കെട്ടിട വിസ്തീർണ്ണം = 2.25 x 1,226.24 = 2759.04 m2 ആണ്.

ഇവിടെ അധിക നിർമ്മാണം നടത്തിയ കെട്ടിടത്തിന്റെ അളവ് താഴെ കൊടുക്കുന്നു.

കെട്ടിടത്തിന്റെ ഫ്ലോർ ഏരിയ – അനുവദനീയമായ തറ വിസ്തീർണാനുപാതം = 1902.16 – 1839.36 = 62.8 m2

അധിക നിർമ്മാണം - 62.8 m2.

അനുവദനീയമായ അനുപാതത്തിലും അധികം വരുന്ന കെട്ടിട വിസ്തീർണ്ണത്തിന് 3,14,000/- രൂപ (62.8 x 5,000 = 26,92,575/-) ഉടമയിൽ നിന്ന് ഈടാക്കേണ്ടതായിരുന്നു. അയത് ഈടാക്കിയതായി കാണുന്നില്ല.

കുറവ് വന്ന 3,14,000/- രൂപ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4/24.07.2019 -ന് മറുപടി നൽകിയിട്ടില്ല.

## 2-2 നികുതിയുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധന- വസ്തു നികുതി നിർണ്ണയത്തിൽ അപാകത.

ഓഡിറ്റ് വർഷത്തെ വസ്തു നികുതിയുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ വസ്തു നികുതി നിർണ്ണയത്തിൽ അപാകതകൾ കാണുകയുണ്ടായി. 2011 ലെ പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടം 15-അനുസരിച്ച് ഒരു കെട്ടിടത്തിന് നിശ്ചയിച്ച വസ്തു നികുതി ഒറ്റത്തവണയായോ രണ്ട് അർദ്ധ വർഷങ്ങളിലായോ അടവാക്കാവുന്നതാണ്. ആയതിൻ പ്രകാരം കെട്ടിടം കംപ്ലീഷൻ ആയ തീയ്യതി മുതൽ വസ്തു നികുതി അടക്കേണ്ടതായിരുന്നു. എന്നാൽ താഴെ കൊടുത്തിട്ടുള്ള കെട്ടിടങ്ങളുടെ പൂർത്തീകരണ തീയ്യതി മുതലുള്ള വസ്തു നികുതി ഈടാക്കി കാണുന്നില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| കെട്ടിട നം. & ഉടമസ്ഥന്റെ പേര് | കെട്ടിടത്തിന് ചുമത്തിയ നികുതി | നികുതി ചുമത്തിയ തീയ്യതി. | കെട്ടിടംനിർമ്മാണം പൂർത്തിയാക്കിയ തീയ്യതി | നികുതി ചുമത്തേണ്ടിയിരുന്ന തീയ്യതി | കുറവ് വന്ന നികുതി |
|---|---|---|---|---|---|
| X- 417 E,<br>ടി.വി. കൃഷ്ണൻ<br>(വാണിജ്യകെട്ടിടം) | 9,744രൂപ + 464 രൂപ(LC) | 01.04.2018 മുതൽ<br>(2018-19) | 31.08.2016 | 01.04.2016 മുതൽ @ 2016-17 &2017-18 | 19,488രൂപ + 928രൂപ(LC) |
| X-417F,<br>ടി.വി.കൃഷ്ണൻ<br>(വാണിജ്യകെട്ടിടം) | 9,146രൂപ + 436 രൂപ(LC) | 01.04.2018 മുതൽ(2018-19) | 31.8.2016 | 01.04.2016 മുതൽ @ 2016-17 &2017-18 | 18,292 രൂപ +872രൂപ (LC) |
| ആകെ | | | | | 37,780 രൂപ + 1,800രൂപ(LC) |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം- 3/24.07.2019- ന് മറുപടിയായി കുറവ് വന്ന 39,580 രൂപ (37,780 രൂപ + 1,800 രൂപ (LC)) ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ കുറവ് വന്ന 39,580 രൂപ ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 2-3 ഡി&ഒ ലൈസൻസ് ഫീസ്-റേഷൻ റീട്ടെയിൽ ഡിപ്പോകളിൽ നിന്ന് ഈടാക്കിയിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി.&ഒ. ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണവകുപ്പിന്റെ പൊതുവിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട് (പട്ടിക 1 ക്രമനം 149). പഞ്ചായത്തു പരിധിയിൽ 8 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കി. ടി സ്ഥാപനങ്ങൾ ഒന്നുംതന്നെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തി ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

<u>ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി സൂക്ഷിച്ചിട്ടില്ല.</u>

ഗ്രാമപഞ്ചായത്തു പരിധിയിലുള്ള മുഴുവൻ വ്യാപാരികളുടെയും വാണിജ്യ വ്യാപാര സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ എല്ലാ വ്യാപാര സ്ഥാപനങ്ങളും ഡി. &ഒ. ലൈസൻസ്, തൊഴിൽ നികുതി എന്നിവ കൃത്യമായി അടയ്ക്കുന്നുവെന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല. കൂടാതെ വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിനായി റിട്ടേൺ ആവശ്യപ്പെടുകയോ സ്ഥാപനങ്ങൾ റിട്ടേൺ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ഡി.&ഒ. രജിസ്റ്റർ പരിശോധിച്ചതിൽ ഓരോ വാർഡിലെയും കളക്ഷൻ തന്നെ ഡിമാന്റായി കാണിച്ചിരിക്കുന്നു. ട്രേഡേഴ്സ് ലിസ്റ്റിന്റെ അഭാവത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ കൃത്യത ഉറപ്പുവരുത്തുവാൻ കഴിയുന്നില്ല. അടിയന്തിരമായി ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ആയത് പ്രകാരം വ്യാപാരികളിൽ നിന്ന് റിട്ടേൺ ആവശ്യപ്പെടേണ്ടതും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കി വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

### 2-4 ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല

തൻ വർഷം ഇ-ടെണ്ടർ മുഖേന ഗ്രാമ പഞ്ചായത്ത് ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില്പനയിലൂടെ ലഭിക്കുന്ന തുകകൾ കാസറഗോഡ് ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ് വരവ് വന്നിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിൽ ലഭ്യമായ കണക്കനുസരിച്ച് 2018-19 സാമ്പത്തിക വർഷത്തിൽ ഇ-ടെണ്ടർ മുഖേന ടെണ്ടർ നടത്തിയ 21 പൊതു മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വിലയായ് 89,780/- രൂപ പഞ്ചായത്തിന് ലഭിക്കാനുണ്ട്. ഈ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ എഞ്ചിനീയറിൽ നിന്നും തിരികെ ലഭ്യമാക്കേണ്ടതാണ്. ഇത് കുടാതെ 2014-15 വർഷം മുതൽ ഈ ഇനത്തിൽ ലഭിക്കാനുള്ള തുകയും ലഭ്യമാക്കേണ്ടതാണ്.

## <u>ഭാഗം -3</u>

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

### 3-1 ബഡ്സ് സ്കൂൾ നിർമ്മാണം- പദ്ധതി നിർവ്വഹണത്തിൽ കാലതാമസം.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 117/18, 139/19. |
| പദ്ധതിയുടെ പേര് | ബഡ്സ് സ്കൂൾ നിർമ്മാണം. |
| അടങ്കൽ | 30,66,000/-രൂപ<br><br>(15,66,000/- രൂപ തനത് ഫണ്ട് + 15,00,000/- രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| കരാറുകാരൻ | ശ്രീ. എ.കെ. വിനോദ്. |
| പി.എ.സി | 26,85,178/- രൂപ. |

ഗ്രാമ പഞ്ചായത്തിലെ കാടങ്കോട് എന്ന സ്ഥലത്ത് 30,66,000/- രൂപ ചെലവഴിച്ച് ബഡ്സ് സ്കൂൾ പ്രവർത്തിക്കുന്നതിനാവശ്യമായ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഈ പദ്ധതിയുടെ കരാർ ഉടമ്പടി പ്രകാരം (നം. 42/AE/LSGD/CGP/2017-18 തീയതി 27.11.2017) 26.08.2018 ന് കെട്ടിട നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്. പ്രവൃത്തിയുടെ അളവ് പുസ്തകം (നം. 24/17-18) പ്രകാരം 29.11.2017 ന് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ഈ പ്രവൃത്തിക്കായി കരാറുകാരന് രണ്ട് പാർട്ട് ബില്ലുകളിലായി 14,20,784/-രൂപ (അകെ ബിൽ തുക 15,00,000/- രൂപ) ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ നിന്നും അനുവദിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ അളവ് പുസ്തകം (നം. 41/17-18, പേജ് നം.18) പ്രകാരം 21.01.2019നാണ് അവസാനമായി അളവുകൾ രേഖപ്പെടുത്തിയിരിക്കുന്നത്. ഇപ്രകാരം രേഖപ്പെടുത്തിയ അളവുകളുടെയടിസ്ഥാനത്തിൽ രണ്ടാമത്തെ പാർട്ട് ബില്ലും കരാറുകാന് നൽകിയിട്ടുണ്ട്. തുടർന്ന് പ്രവൃത്തിയുടെ നിർവ്വഹണം നടത്തുന്ന അസിസ്റ്റന്റ് എഞ്ചിനീയർ ഉടമ്പടി പ്രകാരം കെട്ടിട നിർമ്മാണം പൂർത്തീകരിക്കേണ്ട തീയതിക്കകം പ്രവൃത്തി പൂർത്തീകരിക്കാത്തതിന് കരാറുകാരന് നോട്ടീസുകൾ (02.03.2019, 09.04.2019 എന്നീ തീയതികളിലെ AE/LSGD/CGP/GL10/19 നമ്പർ നോട്ടീസുകൾ) നൽകുകയുണ്ടായി. ആയതിന് 14.05.2019ന് നൽകിയ മറുപടിയിൽ കരാറുകാരൻ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് 10.06.2019 വരെ സാവകാശമനുവദിക്കണമെന്ന് അപേക്ഷിച്ചതിന്റെയടിസ്ഥാനത്തിൽ കരാറുകാരന് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് 10.06.2019 വരെ സമയം ദീർഘിപ്പിച്ചു നൽകി (പഞ്ചായത്ത് തീരുമാനം നമ്പർ 1/1 തീയതി 13.05.2019). എന്നാൽ ഇപ്രകാരം സമയം ദീർഘിപ്പിച്ചു നൽകുമ്പോൾ നിയമാനുസരണം ഈടാക്കേണ്ട പിഴ കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടില്ല. ആയത് കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. കൂടാതെ കരാറുകാരനുമായി നിർവ്വഹണോദ്യോഗസ്ഥൻ സപ്ലിമെന്ററി എഗ്രിമെന്റും വെച്ചിട്ടില്ല.

കരാറുകാരൻ പദ്ധതി യഥാസമയം പൂർത്തിയാക്കാത്ത സാഹചര്യത്തിൽ നിർമ്മാണപ്രവൃത്തിയിലെ പുരോഗതി വിലയിരുത്തുന്നതിനായി ഓഡിറ്റ് ടീം 27.07.2019 ന് പദ്ധതി പ്രദേശം സന്ദർശിക്കുകയുണ്ടായി. കെട്ടിടം നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കെട്ടിടത്തിനാവശ്യമായ വൈദ്യുതി, ചുറ്റുമതിൽ, കുടിവെള്ള സൗകര്യം എന്നിവ ഏർപ്പെടുത്തിയിട്ടില്ല. ഇക്കാര്യം നിർവ്വഹണോദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയപ്പോൾ കെട്ടിടം വൈദ്യുതീകരണത്തിനായി നടപടികൾ ആരംഭിച്ചിട്ടുണ്ട്, ആയതിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടെന്നും അറിയിച്ചു. കൂടാതെ ബഡ്സ് സ്കൂളിനാവശ്യമായ ഫർണിച്ചർ വാങ്ങുന്നതിനായി 2,50,000/- രൂപ അടങ്കലുള്ള പദ്ധതിയും (പ്രൊജക്ട് നമ്പർ 180/20), ബഡ്സ് സ്കൂളിന് ചുറ്റുമതിൽ നിർമ്മാണത്തിനായി 3,00,000/- രൂപ അടങ്കലുള്ള പദ്ധതിയും (പ്രൊജക്ട് നമ്പർ 188/20) 2019-2020 വർഷത്തിലെ പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. ബഡ്സ് സ്കൂളിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി പദ്ധതി എത്രയും വേഗത്തിൽ യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ട് എന്നകാര്യം വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

### 3-2 പാർക്കിംഗ് ഗ്രൗണ്ടിൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്നില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 125/19. |
| പദ്ധതിയുടെ പേര് | ചെറുവത്തൂർ ടൗണിൽ പാർക്കിംഗ് സൗകര്യം ഒരുക്കൽ. |
| അടങ്കൽ | 15,00,000/-രൂപ |
| കരാറുകാരൻ | ശ്രീ. എൻ.വി.പുരുഷോത്തമൻ. |
| പി.എ.സി. | 14,87,713/- രൂപ. |

ചെറുവത്തൂർ ടൗണിൽ പാർക്കിംഗ് സൗകര്യം ഒരുക്കുന്നതിനായി 14,87,713/- രൂപ ചെലവഴിച്ച് റെയിൽവേ ഓവർ ബ്രിഡ്ജിനു സമീപം ഒരു പാർക്കിംഗ് ഗ്രൗണ്ട് 2018-19 വർഷത്തിൽ നിർമ്മിച്ചിട്ടുണ്ട്. ഓഡിറ്റ് ടീം 27.07.2019 ന് പാർക്കിംഗ് ഗ്രൗണ്ട് സന്ദർശിക്കുകയുണ്ടായി. എന്നാൽ പാർക്കിംഗ് ഗ്രൗണ്ടിൽ നിലവിൽ വാഹനങ്ങൾ പാർക്ക് ചെയ്യാൻ തുടങ്ങിയിട്ടില്ല. 01.04.2019 മുതൽ പാർക്കിംഗ് ഗ്രൗണ്ടിന്റെ നടത്തിപ്പ് ശ്രീ.എം.കെ.രാജേഷ് എന്നവർ 20,100/- രൂപയ്ക്ക് ലേലം കൈകൊണ്ടിട്ടുണ്ട്. പ്രാഥമിക ഗഡുവായി 6,000/-രൂപ അദ്ദേഹം പഞ്ചായത്തിൽ ഒടുക്കിയിട്ടുമുണ്ട്. പാർക്കിംഗ് ഗ്രൗണ്ടിൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്നില്ലെങ്കിൽ ഭാവിയിൽ ഇത് ഗ്രാമ പഞ്ചായത്തിന് ബാധ്യതയും നിഷ്ക്രിയ ആസ്തിയുമാകാൻ സാധ്യതയുണ്ട് എന്നത് ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു. പദ്ധതി വിഭാവനം ചെയ്ത വിധത്തിൽ യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ തുടർനടപടികൾ എത്രയും വേഗത്തിൽ സ്വീകരിക്കേണ്ടതാണ്.

## 3-3 റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയില്ല.

പതിമൂന്നാം പദ്ധതിയിലെ 2018-2019 മുതലുള്ള വാർഷിക പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച മാർഗ്ഗരേഖയിലെ ( ജി.ഒ. (എം.എസ്.) നം. 11/2018 /ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 29.01.2018 ) ഖണ്ഡിക. 7.13 ൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് ഓഡിറ്റ് വർഷം നടപ്പാക്കിയ റോഡ് പ്രവൃത്തികൾ ഇത്തരത്തിലുള്ള പ്ലാനിന്റെ അടിസ്ഥാനത്തിലല്ല ചെയ്തിരിക്കുന്നത്. റോഡ് പ്രവൃത്തികളുടെ പ്രൊജക്ട് തയ്യാറാക്കുന്നതിന് പ്രസ്തുത നിർദ്ദേശപ്രകാരമുള്ള റോഡ് കണക്ടിവിറ്റി പദ്ധതി അത്യാവശ്യമാണ്. പുതുതായി നിർമ്മിക്കേണ്ടതും, പരിഷ്കരിക്കേണ്ടതുമായ റോഡുകളെ കണ്ടെത്തി അവയ്ക്ക് അനുസൃതമായ രീതിയിൽ പ്രോജക്ടുകൾ തയ്യാറാക്കണം. ആയതിനാൽ പദ്ധതി മാർഗ്ഗരേഖയ്ക്കനുസൃതമായി റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കി റോഡ് പ്രവൃത്തികൾ നടപ്പാക്കേണ്ടതാണ്.

## 3-4 വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം -ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല.

എസ്.സി.പി. ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം പദ്ധതി പ്രകാരം (പ്രൊ.നം.14/19) വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുവാനായി 10 ലാപ് ടോപ്പുകൾ 2,89,000 രൂപ വിനിയോഗിച്ച് (ട്രഷറി ബിൽ നം.3/26.09.2018) വൺ സീറോ ഇൻഫോ സിസ്റ്റംസ് പയ്യന്നൂർ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഈ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

എ) ഭരണ സമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്

ബി) ഗുണഭോക്താക്കളുടെ അപേക്ഷയും തിരിച്ചറിയൽ രേഖകളും

സി) ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സാക്ഷ്യപത്രങ്ങൾ

ഡി) വൺസീറോ ഇൻഫോ സിസ്റ്റംസിൽ നിന്നുള്ള പർച്ചേസ് ഇൻവോയ്സ്

ഇ) വിദ്യാർത്ഥികളുടെ കൈപ്പറ്റ് രസീതികൾ

എഫ് ) സപ്ളയറുമായി ഒപ്പു വെച്ച് കരാറുടമ്പടി & മോണിറ്ററിങ്ങ് സമിതി സാക്ഷ്യപത്രം

ജി) വിദ്യാർത്ഥികൾക്ക് വകുപ്പുമുഖേനയോ, മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയോ ആനുകൂല്യം ലഭിച്ചിട്ടില്ല എന്നത് സംബന്ധിച്ച പട്ടികജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രം

എച്ച് ) സ്റ്റോക്ക് രജിസ്റ്റർ

മേൽ പരാമർശിച്ച രേഖകളുടെ അഭാവത്തിൽ മേൽ ചെലവിന്റെ കൃത്യത ഓഡിറ്റിൽ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. ഇക്കാര്യം നിർവ്വഹണ ഉദ്യോഗസ്ഥനെ രേഖാമൂലം അറിയിച്ചുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല .മേൽ പരാമർശിച്ച രേഖകളുടെ അഭാവത്തിൽ പദ്ധതിയ്ക്കായി വിനിയോഗിച്ച 2,89,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.( ഓഡിറ്റ് എൻക്വയറി നം.06/25.07.2019)

## 3-5 ഗെയിംസ് ഫെസ്റ്റിവൽ -ചെലവ് രേഖകൾ അപൂർണ്ണം

ഗ്രാമ പഞ്ചായത്ത് തലത്തിൽ ക്രിക്കറ്റ്, ഫുട്ബോൾ ടീമുകൾ രൂപീകരിക്കുക എന്നലക്ഷ്യത്തോടെ 2018-19 വർഷം നടപ്പിലാക്കിയ ഗെയിംസ് ഫെസ്റ്റിവൽ (പ്രൊ.നം.162/19) പദ്ധതിയ്ക്കായി തനത് ഫണ്ടിൽ നിന്നും 30,742 രൂപ (ചെക്ക് നം.051120/29.03.2019 ₹21532& ചെക്ക് നം.051105/28.03.2019 ₹9,210) നിർവ്വഹണ ഉദ്യോഗസ്ഥൻ ഹെഡ്മാസ്റ്റർ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകളുടെ സൂക്ഷിപ്പിൽ ചുവടെ ചേർത്ത അപാകതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി

എ) പദ്ധതിയുടെ ചെലവിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്തിൽ നിന്നും ചെക്ക് നം.051105/28.03.2019 പ്രകാരം അനുവദിച്ച 9,210 രൂപയിൽ 6,010 രൂപ യൂറോ സ്പോർട്സ് എന്ന സ്ഥാപനത്തിനും, 3,200 രൂപ സ്പോർട്സ് ലൈൻ എന്ന സ്ഥാപനത്തിനും കൈമാറിയതായി ട്രഷറി ബിൽ പ്രകാരം കാണുന്നു. എന്നാൽ ബന്ധപ്പെട്ട സ്ഥാപനങ്ങൾ നല്കിയ ഇൻവോയ്സ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു മൂലം ഏത് ഇനത്തിനുവേണ്ടിയാണ് പ്രസ്തുത തുക വിനിയോഗിച്ചതെന്ന് വ്യക്തമല്ല.

ബി) പദ്ധതിപ്രകാരം 18,532 രൂപ വിനിയോഗിച്ച് ക്രിക്കറ്റ്,ഫുഡ്ബോൾ ജേഴ്സികൾ വാങ്ങിയിട്ടുണ്ട്. ഇതിൽ ക്രിക്കറ്റ് ജേഴ്സികൾ വിതരണം ചെയ്തത് സാധൂകരിക്കുന്ന കൈപ്പറ്റ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ ന്യൂനതകൾ നിർവ്വഹണ ഉദ്യോഗസ്ഥനെ രേഖാമൂലം അറിയിച്ചുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല.മേൽ പരാമർശിച്ച രേഖകളുടെ അഭാവത്തിൽ പദ്ധതിയ്ക്കായി വിനിയോഗിച്ച 30,742 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.( ഓഡിറ്റ് എൻക്വയറി നം.7/26.07.2019)

## 3-6 നെൽകൃഷി /പച്ചക്കറികൃഷി ആനുകൂല്യ വിതരണം -സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

2018-19വർഷം നിർവ്വഹണ ഉദ്യോഗസ്ഥൻ കൃഷി ഓഫീസർ നടപ്പിലാക്കിയ നെൽകൃഷി വികസന പദ്ധതി, പച്ചക്കറി വികസന പദ്ധതി എന്നിവ പ്രകാരം 14,36,366 രൂപ വിവിധ ഫണ്ടുകളിൽ നിന്നുമായി ചെലവഴിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് വിശദാംശം | വിത്ത് (വി.ഫണ്ട്) | ജൈവവളം, കൂലിച്ചെലവ് | | | ആകെ |
|---|---|---|---|---|---|
| | | വി.ഫണ്ട് | ബ്ലോക്ക് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | |
| പ്രൊ.നം.82/19 നെൽകൃഷി വികസനം | 271040/- | 5,33,244/- | 2,66,622 | 2,66,622- | 13,37,528/- |
| പ്രൊ.നം.104/18 പച്ചക്കറികൃഷി വികസനം | 0 | 98,838/- | 0 | 0 | 98,838/- |
| ആകെ | 2,71,040/- | 6,32,082/- | 2,66,622 | 2,66,622/- | 14,36,366 |

മേൽ പദ്ധതികൾ നടപ്പിലാക്കിയ വേളയിൽ ജി.ഒ. (എം.എസ്.) 22/18 തസ്വഭവ തിയ്യതി 14-02-2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 6.1.6 & 6.1.7, ഇതോടൊന്നിച്ചുള്ള കുറിപ്പ് , എന്നിവയിൽ പരാമർശിച്ചിട്ടുള്ള ചുവടെ ചേർത്ത നിർദ്ദേശങ്ങൾ പാലിച്ചുകാണുന്നില്ല.

1) ഗുണഭോക്താക്കൾ കൃഷി ചെയ്തിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം. എന്നാൽ ഇത് സാധൂകരിക്കുന്ന പരിശോധന റിപ്പോർട്ടുകൾ ഗുണഭോക്താക്കളുടെ വ്യക്തിഗത അപേക്ഷകളോടൊപ്പം സൂക്ഷിച്ചിരുന്നില്ല.ഇതുമൂലം സബ്സിഡി കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. കൂലിച്ചെലവ് നൽകുന്ന സാഹചര്യത്തിൽ കൃഷിചെയ്ത സ്ഥലത്തിന്റെ വിസ്തൃതി , കൃഷിച്ചലവ്, അനുവദിക്കുന്ന സബ്സിഡി തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധന സാക്ഷ്യപത്രം അപേക്ഷകളോടൊപ്പം സൂക്ഷിക്കേണ്ടതാണ്.

2) നടീൽ, കൊയ്ത്ത് /വിളവെടുപ്പ് എന്നിവയൊഴികെയുള്ള പ്രവർത്തനങ്ങളിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം എന്ന നിർദ്ദേശം പാലിച്ചു കാണുന്നില്ല.

3) നെൽ കൃഷി -വിള ഇൻഷുറൻസ് തുക കർഷകർ മുൻകൂറായി ഒടുക്കണം എന്ന നിർദ്ദേശം പാലിച്ചത് സംബന്ധിച്ച് രേഖകൾ അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

പദ്ധതി നടത്തിപ്പിൽ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

### 3-7 പദ്ധതി മോണിറ്ററിങ്ങ് - ശക്തിപ്പെടുത്തേണ്ടതാണ്.

വാർഷിക പദ്ധതി രൂപീകരണത്തിന് ശേഷം വർക്കിങ്ങ് ഗ്രൂപ്പുകൾ മോണിറ്ററിങ്ങ് കമ്മിറ്റികളായി പ്രവർത്തിക്കണമെന്ന പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം ഗ്രാമ പഞ്ചായത്തിൽ കൃത്യമായി പാലിക്കപ്പെടുന്നില്ല. പദ്ധതി നിർവ്വഹണത്തിനുശേഷം വർക്കിങ്ങ് ഗ്രൂപ്പുകൾ മോണിറ്ററിങ്ങ് സാക്ഷ്യപത്രങ്ങൾ തയ്യാറാക്കി ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കൈമാറണമെന്ന നിർദ്ദേശം കൃത്യമായി പാലിക്കപ്പെടുന്നില്ല.കൃഷി ഓഫീസർ, വെറ്റിനറി സർജ്ജൻ, ഹെഡ്മാസ്റ്റർ, അസി.സെക്രട്ടറി, ഐ.സി.ഡി.എസ് സൂപ്പർവൈസർ വി.ഇ.ഒ, മെഡിക്കൽ ഓഫീസർമാർ തുടങ്ങിയ നിർവ്വഹണ ഉദ്യോഗസ്ഥർമാരൊന്നും തന്നെ പദ്ധതി ചെലവ് രേഖകളോടൊപ്പം മോണിറ്ററിങ്ങ് സമിതി സാക്ഷ്യപത്രങ്ങൾ സൂക്ഷിച്ചിട്ടില്ല. വർക്കിങ്ങ് ഗ്രൂപ്പ് മിനിട്സുകൾ പരിശോധിച്ചതിൽ മിക്കവയിലും പദ്ധതി വിലയിരുത്തൽ സംബന്ധിച്ച് കാര്യമായ ചർച്ചകൾ നടന്നുകാണുന്നില്ല. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് കൃത്യമായ വിലയിരുത്തലുകൾ നടത്തുവാനും നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുവാനും വർക്കിങ്ങ് ഗ്രൂപ്പുകൾ ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി മോണിറ്ററിങ്ങ് കൂടുതൽ ഫലപ്രദമാക്കുവാൻ ഭരണസമിതി തലത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

### 3-8 വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2018-19 സാമ്പത്തിക വർഷം വിവിധ പദ്ധതികൾനടപ്പിലാക്കുന്നതിന്റെ ഗ്രാമ പഞ്ചായത്ത് വിഹിതമായി 15,91,022/- രൂപ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മറ്റു സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ പൂർത്തീകരണം സാധൂകരിക്കുന്ന ധന വിനിയോഗസാക്ഷ്യപത്രം നാളിതുവരെയായിട്ടും ബന്ധപ്പെട്ടസ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് സാധിച്ചിട്ടില്ല. ഇക്കാര്യം പരിശോധിച്ച് ചുവടെ ചേർത്ത പ്രകാരം ചെലവഴിച്ച തുകകളുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതുവരെ ചുവടെ ചേർത്ത പ്രകാരം നടത്തിയ 15,91,022 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി.നം.5/25.07.2019, & 9/26.07.2019)

| ക്രമ.നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതിയുടെ വിശദാംശം | ബിൽ.നം / തിയതി | തുക | നിർവ്വഹണ എജൻസി/ സ്ഥാപനം |
|---|---|---|---|---|---|
| 1 | അസി.സെക്രട്ടറി | പ്രൊജക്ട് നം. 165/19, തെക്കേവെളപ്പ്, വടക്കേവെളപ്പ് കോളനികളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21801042 തി.5.11.2018 | 2,00,000 | കേരള ജല അതോറിറ്റി |
| 2 | സെക്രട്ടറി | Pro.No.5/19 വൈദ്യുതി ലൈൻ എക്സ്റ്റൻഷൻ | 21800770 തി .25.09.2018 | 9,99,022 | കെ.എസ്.ഇ.ബി |
| 3 | അസി.എഞ്ചിനിയർ | പ്രൊജക്ട് നം. 66/19, ഘടക സ്ഥാപനങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21801622 തി. 23.02.2019 | 92,000 | കേരള ജല അതോറിറ്റി |
| 4 | സെക്രട്ടറി | പ്രൊജക്ട് നം. 4/19 സമൂഹ്യ സുരക്ഷാ മിഷൻ വിഹിതം | ട്രഷറി ബിൽ നം. 000143492/ 31.5.2018) | 3,00,000 | ഡയറക്ടർ സാമൂഹ്യ സുരക്ഷാ മിഷൻ തിരുവനന്തപുരം |
| | | | ആകെ | 15,91,022 | |

### 3-9 മത്സ്യബന്ധന മേഖല- പദ്ധതികളൊന്നും നടപ്പാക്കിയട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ 1, 14, 15, 16 എന്നീ വാർഡുകൾ തീരദേശ വാർഡുകളാണ്. ഈ പ്രദേശങ്ങളിൽ ഏകദേശം 381 മത്സ്യ ബന്ധന മേഖലയിൽ ജോലി ചെയ്തുവരുന്ന കുടുംബങ്ങൾ അധിവസിക്കുന്നുണ്ട്. 2018-2019 സാമ്പത്തിക വർഷത്തിൽ മത്സ്യ ബന്ധന മേഖലയിൽ ഗ്രാമപഞ്ചായത്ത് പദ്ധതികളൊന്നും നടപ്പാക്കിയട്ടില്ല. ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

1994 ലെകേരള പഞ്ചായത്ത് രാജ് നിയമത്തിലെ 166(1)-ാം വകുപ്പ് പ്രകാരം മത്സ്യവിപണനത്തിനുള്ള സഹായം നൽകുക, മത്സ്യതൊഴിലാളി കുടുംബങ്ങൾക്ക് കുറഞ്ഞ അടിസ്ഥാന സേവനങ്ങൾ നൽകുക, മത്സ്യതൊഴിലാളി ക്ഷേമപദ്ധതികൾ നടപ്പാക്കുക, മീൻ പിടുത്തത്തിനുള്ള ഉപകരണങ്ങൾ നൽകുക, മത്സ്യകുഞ്ഞുങ്ങളുടെ ഉൽപ്പാദനവും വിതരണവും വികസിപ്പിക്കുക തുടങ്ങിയവയെല്ലാം ഗ്രാമ പഞ്ചായത്തുകളുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപ്പെട്ടതാണ്. സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന മത്സ്യതൊഴിലാളികളുടെ ഉന്നമനത്തിനായി ഗ്രാമ പഞ്ചായത്ത് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്. മത്സ്യതൊഴിലാളികൾക്ക് മെച്ചപ്പെട്ട ആവാസവ്യവസ്ഥ, തൊഴിൽ സാഹചര്യം, വിദ്യാഭ്യാസം എന്നിവ സാധ്യമാക്കി ആ വിഭാഗത്തിന്റെ സാമൂഹികമായും സാമ്പത്തികമായുമുള്ള പിന്നൊക്കാവസ്ഥ പരിഹരിക്കുക എന്നത് പഞ്ചായത്തിന്റെ വികസനസമീപനമായിരിക്കണം. ആയതിനായി ഈ മേഖലയുമായി ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥൻ, വർക്കിംഗ് ഗ്രൂപ്പ്, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 2,74,992 | നെൽകൃഷി വികസനം -വിത്ത്,കൂലിച്ചെലവ് | 2,66,622 | 8,370* |
| | 2018-19 | 1,22,000 | പാലിയേറ്റീവ് കെയർ പദ്ധതി | 1,22,000 | 0 |
| | 2018-19 | 2,80,000 | ചെറുവത്തൂർ വി വി നഗറിൽ സ്റ്റേഡിയം നിർമ്മാണം | 2,65,048 | 14,952* |
| | 2017-18 | 1,90,432 | ബഡ്സ് സ്കൂൾ നിർമ്മാണം | 1,90,432 | |
| | 2018-19 | 2,00,000 | പാലുൽപാദനത്തിന് സബ്സിഡി | 2,00,000 | |
| | 2018-19 | 14,25,000 | ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 14,25,000 | 0 |
| | 2018-19 | 3,25,000 | ശാരീരിക മാനസിക വെല്ലു വിളികൾ നേരിടുന്ന വർക്ക് സ്കോളർഷിപ് | 3,25,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 2,74,992 | നെൽകൃഷി വികസനം -വിത്ത്,കൂലിച്ചെലവ് | 2,66,622 | 8,370* |
| | 2018-19 | 10,00,000 | പാലുൽപാദനത്തിന് സബ്സിഡി | 10,00,000 | 0 |
| | 2018-19 | 14,59,748 | ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 14,59,748 | 0 |
| | 2018-19 | 2,00,000 | പാലിയേറ്റീവ് കെയർ പദ്ധതി | 2,00,000 | 0 |

* വിനിയോഗിക്കുവാൻ അവശേഷിച്ചിരുന്ന തുകകൾ സർക്കാരിലേയ്ക്ക് തിരികെ ഒടുക്കിയിട്ടുണ്ട്.

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ എജൻസി | പ്രൊജക്ടിന്റെ പേര് | വൗച്ചർ നം / ബിൽ .നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ അവശേഷി ക്കുന്ന തുക |
|---|---|---|---|---|---|
| കേരള | പ്രൊജക്ട് നം. 165/19, | 21801042 | 2,00,000 | 0 | 2,00,000 |

| | | | | | |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | തെക്കേവെളപ്പ്, വടക്കേവെളപ്പ് കോളനികളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | തി.5.11.2018 | | | |
| KSEB | Pro.NO.147, വൈദ്യുതി ലൈൻ- എക്സ്റ്റൻഷൻ | 21800334<br>തി.16.6.2018 | 2,94,309 | 2,94,309 | 0 |
| KSEB | Pro.NO.147, വൈദ്യുതി ലൈൻ എക്സ്റ്റൻഷൻ | 21800321<br>തി.18.6.2018 | 20,580 | 20,580 | 0 |
| KSEB | Pro.No.5 വൈദ്യുതി ലൈൻ എക്സ്റ്റൻഷൻ | 21800770<br>തി.25.09.2018 | 9,99,022 | 0 | 9,99,022 |
| KSEB | Pro.No. 164, വൈദ്യുതി ലൈൻ എക്സ്റ്റൻഷൻ | 21801189<br>തി.24.11.2018 | 2,97,400 | 2,97,400 | 0 |
| KSEB | Pro.No. 164, വൈദ്യുതി ലൈൻ എക്സ്റ്റൻഷൻ | 21801241<br>തി.21.12.2018 | 4,444 | 4,444 | 0 |
| കേരള വാട്ടർ അതോറിറ്റി | പ്രൊജക്ട് നം. 66/19, ഘടക സ്ഥാപനങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21801622<br>തി.23.02.2019 | 92,000 | 0 | 92,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ 1,21,20,000/-രൂപ വരവുണ്ട്. പ്രസ്തുത തുക ലൈഫ് ഭവന പദ്ധതിയ്ക്കായി വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ലഭ്യമല്ല | 1,21,20,000 | Nil | Nil | Nil | 1,21,20,000 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 30746/-.രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1999-2000 | Para(35) | 779 | എം. പത്മനാഭൻ, കോൺട്രാക്ടർ | 18.06.2018, 118030101417 |
| | | | | |

| | | | | |
|---|---|---|---|---|
| 2010-2011 | Para 3(1) | 750 | എം. പത്മനാഭൻ, കോൺട്രക്ടർ | 09.08.2018, 118210101166 |
| 2010-11 | Para3(1) | 1,000 | ഉഷാകുമാരി, പി, മെമ്പർ | 18.06.2018, 118030101410 |
| 1989-90 | Para(20) | 500 | നാരായണൻ മാസ്റ്റർ, മെമ്പർ | 07.06.2018, 118030101284 |
| 2014-15 | Para 3(7) | 2,030 | രതീഷ്, കെ. | 12.06.2018, 118030101316 |
| 2004-05 | Para 3(10) | 1,299 | കെ. വി മോഹനൻ | 19.06.2018, 118030101452 |
| 2003-04 | Para 3(5) | 5,805 | എം വി. ബാലകൃഷ്ണൻ | 19.06.2018, 118030101455 |
| 2000-01 | Para (12) | 2,663 | കൃഷ്ണൻ | 20.06.2018, 118030101476 |
| 2006-07 | Para 2(3) | 600 | നളന്ദ | 20.06.2018, 118030101476 |
| 2001-02 | Para 2(1) | 1,895 | സെക്രട്ടറി , ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് | 25.06.2018, 118210100036 |
| 2003-04 | Para 3(7) | 620 | പി. രാമചന്ദ്രൻ, കോൺട്രാക്ടർ | 25.06.2018, 118210100036 |
| 2010-11 | Para 3(1) | 750 | ശ്രീധരൻ | 09.07.2018, 118210100489 |
| 2010-11 | Para 3(4) | 2,154 | ടി. വി. പ്രഭാകരൻ, സെക്രട്ടറി | 09.07.2018, 118210100490 |
| 2012-13, 2013-14 | Para 2(1) | 1,258 | കെ കെ സജീവ് കുമാർ | 09.07.2018, 118210100491 |
| 2010-11 | Para 3(1) | 750 | ശ്രീധരൻ | 10.07.2018, 118210100503 |
| 2010-11 | Para 3(1) | 1,000 | രമണി, മെമ്പർ | 17.07.2018, 118210100682 |
| 2010-11 | Para 3(1) | 1,500 | ഗോവിന്ദൻ, മുനമ്പത്ത് | 11.09.2018, 118210101689 |
| 2010-11 | Para 3(1) | 1,500 | കുമാരൻ വൈദ്യർ | 18.09.2018, 118220100114 |
| 2015-16 | Para 2.2.II(B) | 250 | സുനിത, പി. പി. | 14.02.2019, 118220106639 |
| 2005-06 | Para 2(1)1 | 900 | എസ്. പി. അബ്ദുൾ റഹിമാൻ | 15.02.2019, 118220106667 |
| 2012-13, 2013-14 | Para 2(1)1 | 503 | കെ. കെ. സജീവ് കുമാർ | 15.02.2019, 118220106669 |
| 2006-07 | Para 2(3) | 600 | നളന്ദ, ഗീതാഞ്ജലി | 20.03.2019, 118220107978 |

| | | | | |
|---|---|---|---|---|
| 2010-11 | Para 2(3) | 1,640 | അബുഷാം, പി. കെ. | 20.03.2019, 118220107995 |
| | ആകെ | 30,746/- | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1996-97 | 39 | 2000-01 | 4.116.a | ഉപാധി രഹിത ഫണ്ട് മണ്ണ് നിറയ്ക്കൽ പ്രവൃത്തിക്ക് അധിക നിരക്ക് നൽകി | തടസ്സം തീർപ്പായിട്ടില്ല |
| 1996-97 | 40 | 2000-01 | 4.116.b | ഉപാധി രഹിത ഫണ്ട് മണ്ണ് നിറയ്ക്കൽ പ്രവൃത്തിക്ക് അധിക നിരക്ക് നൽകി | തടസ്സം തീർപ്പായിട്ടില്ല |
| 2012-13 പ്രവർത്തനാവലോകന റിപ്പോർട്ട് (ഖര മാലിന്യ സംസ്കരണം) | - | 2012-13 | 3.3.6(20) | മാലിന്യമുക്ത പദ്ധതി -പ്ലാസ്റ്റിക്ക് റിക്കവറി സെന്റർ പദ്ധതി ഉപേക്ഷിച്ചത് | നാട്ടുകാരുടെ എതിർപ്പിനെ തുടർന്ന് പദ്ധതി നടപ്പാക്കുവാൻ സാധിച്ചിട്ടില്ല. പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിങ്ങ് യൂണിറ്റ് കെട്ടിടം ബഡ്സ് സ്കൂൾ കെട്ടിടമായി പരിവർത്തനപ്പെടുത്താൻ അനുമതിയ്ക്കായി സർക്കാരിനോട് ഭരണസമിതി അപേക്ഷിച്ചിട്ടുണ്ട്. |
| 2014-15 പ്രവർത്തനാവലോകന റിപ്പോർട്ട്. (നിഷ്ക്രിയ ആസ്തികൾ) | - | 2014-15 | 4.1.4 | ഖരമാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തന രഹിതം | തടസ്സം തീർപ്പായിട്ടില്ല. |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

എ) ചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചത് മുഖേന ഈടാക്കിയ തുക

ഇല്ല.

എ) സർചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചത് മുഖേന ഈടാക്കിയ തുക

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 13,62,89,821 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 11,96,98,467 |
| വരവിനങ്ങളിലുള്ള നഷ്ടം | 3,53,580 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | --- |
| | |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 19,10,764 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 3,14,000 | --- | ടി.വി.പ്രഭാകരൻ.<br>സെക്രട്ടറി |
| 2-2 | 39,580 | --- | ടി.വി.പ്രഭാകരൻ , സെക്രട്ടറി |
| ആകെ | 3,53,580 | - | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 2,89,000 | മാധവൻ.പി, ഹെഡ്മാസ്റ്റർ |
| 3-5 | 30,742 | മാധവൻ.പി, ഹെഡ്മാസ്റ്റർ |
| 3-8 (1) | 2,00,000 | നിർമ്മല പി.വി, അസി.സെക്രട്ടറി |
| 3-8 (2) | 9,99,022 | ടി.വി. പ്രഭാകരൻ, സെക്രട്ടറി |
| 3-8 (3) | 92,000 | സുനിൽ കുമാർ .വി. അസി.എഞ്ചിനിയർ |
| 3-8 (4) | 3,00,000 | ടി.വി.പ്രഭാകരൻ, സെക്രട്ടറി |
| ആകെ | 19,10,764 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ടി.വി.പ്രഭാകരൻ<br>സെക്രട്ടറി | സെക്രട്ടറി, ചെറുവത്തൂർ ഗ്രാമ പഞ്ചായത്ത് | പയനി (വീട്), പടിഞ്ഞാറ്റം കൊഴുവൽ,<br>നീലേശ്വരം , നീലേശ്വരം.പി.ഒ,<br>കാസറഗോഡ് ജില്ല |

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന |
|---|---|---|

| | | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1989-90മുതൽ 1995-96വരെ | എൽ.എഫ്.കെ.എസ്.ഡി.2/562/1996 തീ.04.01.1997(ജെ.ആർ.വൈ) | - |
| 1996-97 | എൽ.എഫ്.കെ.എസ്.ഡി.9/827/18(3) തീ.29.05.2019 | 3 |
| 1999-2000 | എൽ.എഫ്.കെ.എസ്.ഡി.9/827/18(6) തീ.29.05.2019 | 2 |
| 2000-01 (പദ്ധതി) | എൽ.എഫ്.കെ.എസ്.ഡി.9/827/18(8) തീ.29.05.2019 | 2 |
| 2002-03 | എൽ.എഫ്.കെ.എസ്.ഡി.9/827/18(11) തീ.29.05.2019 | 1 |
| 2003-04 | എൽ.എഫ്.കെ.എസ്.ഡി.9/827/18(12) തീ.29.05.2019 | 3 |
| 2004-05 | എൽ.എഫ്.കെ.എസ്.ഡി.9/827/18(13) തീ.29.05.2019 | 3 |
| 2005-06 | എൽ.എഫ്.കെ.എസ്.ഡി.9/260/18(12) തീ.14.03.2018 | 15 |
| 2006-07 | എൽ.എഫ്.കെ.എസ്.ഡി.9/260/18(13) തീ.14.03.2018 | 9 |
| 2007-08 | എൽ.എഫ്.കെ.എസ്.ഡി.9/260/18(14) തീ.14.03.2018 | 16 |
| 2008-09 | എൽ.എഫ്.കെ.എസ്.ഡി.9/260/18(15) തീ.14.03.2018 | 13 |
| 2009-10 | എൽ.എഫ്.കെ.എസ്.ഡി.9/260/18(16) തീ.14.03.2018 | 5 |
| 2010-11 | എൽ.എഫ്.കെ.എസ്.ഡി.9/260/18(17) തീ.14.03.2018 | 14 |
| 2011-12 | എൽ.എഫ്.കെ.എസ്.ഡി.9/260/18(18) തീ.14.03.2018 | 5 |
| 2012-13<br>2013-14 | എൽ.എഫ്.കെ.എസ്.ഡി.9/260/18(19) തീ.14.03.2018 | 13 |
| 2014-15 | എൽ.എഫ്.കെ.എസ്.ഡി.9/260/18(20) തീ.14.03.2018 | 9 |
| 2015-16 | എൽ.എഫ്.കെ.എസ്.ഡി.9/260/18(21) തീ.14.03.2018 | 7 |
| 2016-17 | കെ.എസ്.എ.കെ.എസ്.ഡി.9/771/17,തീ.11-07.2017 | 23 |
| 2017-18 | കെ.എസ്.എ.കെ.എസ്.ഡി.9/1189/2018 തീ.04.12.2018 | 16 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്.

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്-4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം- വകുപ്പ്295(6)] 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ.) 1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ചെറുവത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിലെ ഖണ്ഡിക 1(3) ൽ പരാമർശിച്ച അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

തിയതി:14-08-2019.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.